"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.മോഹനൻ.എ.കെ, കമല വിലാസം, പിരിയാകോട്, ഊരൂട്ടമ്പലം പി.ഒ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.404/2026/ID തീയതി,തിരുവനന്തപുരം, 28-03-2026

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 19/09/2025 തീയതിയിലെ .DOTHI-DMG/1211/2024-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.മോഹനൻ.എ.കെ, കമല വിലാസം, പിരിയാകോട്, ഊരൂട്ടമ്പലം പി.ഒ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 14/03/2026 ലെ ഡി.എം.ജി/888/2026-എം4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാട്ടാക്കട താലൂക്കിൽ കീഴാർ വില്ലേജിൽ ബ്ലോക്ക് നം. 26ൽ റീ സർവ്വേ നം. 212/17-ൽ പെട്ട വസ്തുവിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ആര്യനാട് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും കരസ്ഥമാക്കിയ ധാതു ഗതാഗത പെർമിറ്റിന്റെ മറവിൽ അനുമതി നൽകിയ ഏരിയയുടെ ഉള്ളിൽ നിന്നും അളവിൽ കൂടുതലായും, അനുമതി നൽകിയ ഏര്യയ്ക്ക് വെളിയിൽ നിന്നുമായി 3440. 13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) മണ്ണ് അനധികൃതമായി കടത്തിയതായി അളന്നു തിട്ടപ്പെടുത്തി, കൂടാതെ ടി സ്ഥലത്ത് 1054.953 ക്യൂബിക് മീറ്റർ (2637.382 മെട്രിക് ടൺ ) ഉരുളൻ പാറകളും ഖനനം ചെയ്തു ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തി 2015ലെ കെഎംഎംസി ചട്ടങ്ങളും 2023 ലെ ഭേദഗതി ചട്ടങ്ങളും പ്രകാരം അനധികൃതമായി അളവിൽ കൂടുതൽ സാധാരണ മണ്ണ് കടത്തുന്നതും ഉരുളൻ പാറകൾ ഖനനം ചെയ്തു കൂട്ടുന്നതും കുറ്റകരവും ശിക്ഷാർഹവുമായ സാഹചര്യത്തിൽ 24.08.2025 തീയതിയിൽ അഡ്ജൂഡിക്കേഷൻ ഉത്തരവ് പുറപ്പെടുവിച്ച് അനധികൃതമായി 3440.13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) മണ്ണ് ഖനനം ചെയ്തു കടത്തിയതിന് (6880.26x40x5) 13.76,052/- രൂപയും കോമ്പൌണ്ടിംഗ് ഫീ ഇനത്തിൽ100000 രൂപയും കൂടിചേർത്തു പെനാൽറ്റി ഇനത്തിൽ 14,76,052/- രൂപ ഒടുക്കുന്നതിന് ടിയാൻ ബാദ്ധ്യസ്ഥനാണ് എന്നറിയിച്ചുകൊണ്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 19.09.2025 തീയതിയിൽ നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.മോഹനൻ.എ.കെ പിരിയാകോട്, ഊരൂട്ടമ്പലം പി.ഒ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരെയും 05/03/2026 -ന് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു.

3 അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ളോക്ക് നമ്പർ 26-ൽ റീസർവ്വേ നമ്പർ 212/17 ൽ പ്പെട്ട വസ്തുവിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്ന് ലഭിച്ച അനുമതിയോടൊപ്പം താൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ മുമ്പാകെ 9/7/2024 ൽ അപേക്ഷ നല്കി. 14/8/2024 ൽ ജിയോളജിസ്റ്റിന്റെ ഉത്തരവനുസരിച്ച് ഉണ്ടപ്പാറ അളക്കുവാൻ വന്ന അസിസ്റ്റന്റ് ജിയോളജിസ്റ്റ് പാറ അളക്കാതെ സ്ഥലപരിശോധന നടത്തി പോയി. എന്നാൽ അസിസ്റ്റന്റ് ജിയോളജിസ്റ്റിനെറ റിപ്പോർട്ടിന്റെ ഫലമായി അമിതമായി പാറ ഇളക്കിക്കൂട്ടിയിരിക്കുന്നതിനാൽ RQP യുടെ സഹായത്താൽ അളന്ന് തിട്ടപ്പെടുത്തി തരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ജിയോളജിസ്റ്റ് അറിയിച്ചു. തുടർന്ന് മേമലൻ - RQP യുടെ ഫോൺ നമ്പർ നൽകുകയും അദ്ദേഹത്തെക്കൊണ്ട് അളപ്പിക്കുവാനുള്ള നിർദ്ദേശം നല്കുകയും ചെയ്തു. വീടുവയ്ക്കാനുള്ള അപേക്ഷ നല്കി ഒരു വർഷത്തോളമായതുകൊണ്ട് അദ്ദേഹം നിർദ്ദേശിച്ച RQP യെ ചെയ്ത് വിളിച്ചു. എന്നാൽ ജിയോളജി ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഇല്ലാതെ അവർ അളന്ന് 4000/-രൂപ തന്നിൽ നിന്ന് കൈപ്പറ്റി പോയി. നാളിതുവരെ തുകയുടെ രസീതോ അളവുകളെക്കുറിച്ചുള്ള രേഖകളോ തന്നിട്ടില്ല. എന്നാൽ 3440.13 ക്യൂബിക് മീറ്റർ മണ്ണ് അനധികൃതമായി കടത്തി എന്ന കത്താണ് ജിയോളജിയിൽ നിന്ന് എനിക്ക് കിട്ടിയത്. ഇതിനെത്തുടർന്ന് അപ്പീൽ പെറ്റീഷൻ നല്കിയപ്പോൾ മറ്റൊരു അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ സാന്നിദ്ധ്യത്തിൽ മണ്ണിന്റെ അളവ് കണക്കാക്കിയപ്പോൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടി മണ്ണെടുത്ത് മാറ്റിയതിനാൽ ഇനിഷ്യൽ റീഡിംഗ് കണക്കാക്കുവാൻ പറ്റാത്തതിനാൽ സൈറ്റ് മഹസറിൽ ഒപ്പിട്ടു കൊടുക്കുവാൻ വിസമ്മതിച്ചു. കൂടാതെ അനുമതി നല്കിയ ഏര്യയ്ക്ക് വെളിയിൽ നിന്ന് മണ്ണെടുത്തു എന്നു പറയപ്പെടുന്നത്, 2019 ൽ ടാർ മിക്സിംഗ് പ്ളാന്റ് സ്ഥാപിക്കുവാൻ PWD കോൺട്രാക്ടർക്ക് തന്റെ പുരയിടം ലീസിന് കൊടുത്തപ്പോൾ കണ്ടം നിരപ്പാക്കിയാണ് പ്ളാന്റ് സ്ഥാപിച്ചത്. തുടർന്ന് നാട്ടുകാർ പരാതി നല്കിയതിന്റെ പശ്ചാത്തലത്തിൽ 62,813/- രൂപ ജിയോളജിയിൽ അടയ്ക്കുകയും ചെയ്തു. അതുകൊണ്ട് മണ്ണ് അനധികൃതമായി കടത്തി എന്നു പറയുന്നത് ശരിയല്ല.ആയതിനാൽ തന്റെ നിരപരാധിത്വം മനസ്സിലാക്കി തന്റെ പേരിൽ ജില്ലാ ജിയോളജിസ്റ്റ് പുറപ്പെടുവിച്ചിട്ടുള്ള നം.141/2025-26/DOTHI/DMG/1211/2024-M dated 24/8/2025 ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

4. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ളോക്ക് നം.26 ൽ റീ സർവ്വേ നം.212/17-ൽപ്പെട്ട വസ്തുവിൽ നിന്നും നിർമ്മാണത്തിന്റെ ഭാഗമായി ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് ശ്രീ. എ.കെ മോഹൻ, കമലവിലാസം, പിരിയകോട്, ഊരൂട്ടമ്പലം എന്ന വ്യക്തി തിരുവനന്തപുരം ജില്ലാ ഓഫീസിൽ 09/07/2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും 14/8/2024 തീയതിയിൽ അപ്പീൽ കക്ഷിയുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ചിരുന്നു. പരിശോധനയിൽ വൻതോതിൽ ഉരുളൻപാറകൾ ഇളക്കി കൂട്ടിയിരിക്കുന്നതായി കണ്ടെത്തുകയും ആയതിൽ ഉരുളൻപാറയുടെ ശേഖരം മാനുവലായി അളന്നു തിട്ടപ്പെടുത്തുവാൻ കഴിയില്ല എന്ന് സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 24/8/2024 തീയതിയിൽ പരാമർശിത സ്ഥലത്തെ ഉരുളൻ പാറയുടെ അളവ് വകുപ്പ് അംഗീകരിച്ച ആർ.ക്യൂ.പി മുഖേന ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി ശാസ്ത്രീയമായി അളന്ന് തിട്ടപ്പെടുത്തി ജില്ലാ ഓഫീസിനെ അറിയിക്കുന്നതിന് അപ്പീൽ കക്ഷിക്ക് കത്ത് നല്കുകയുണ്ടായി. തുടർന്ന് ടി സ്ഥലത്ത് ശേഖരിച്ചിരുന്ന ഉരുളൻപാറകൾ ആർ.ക്യു.പി അളന്നു തിട്ടപ്പെടുത്തുകയും 10/10/2024 തീയതിയിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ട് പരിശോധിച്ച് വിശകലനം ചെയ്തതിലും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് 31.01.2024 തീയതിയിൽ ആര്യങ്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിട്ടുള്ള 270/24 നമ്പർ മണ്ണ് ഗതാഗത പെർമിറ്റ് പരിശോധിച്ചതിലും കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 26 ൽ റീസർവ്വേ നമ്പർ 212/17 പ്പെട്ട സ്ഥലത്തുനിന്നും 1689.03 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് ആര്യങ്കോട് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അപ്പീൽ കക്ഷിക്ക് അനുമതി ഉത്തരവ് നല്കിയിരുന്നതായി ബോധ്യപ്പെട്ടിരുന്നു. ടി അനുമതി കരസ്ഥമാക്കിയതിന്റെ മറവിൽ അനുമതി നല്കിയ ഏരിയയിൽ നിന്നും അളവിൽ കൂടുതലായും അനുമതി നല്കിയ ഏരിയയ്ക്ക് പുറത്ത് നിന്നും അനധികൃതമായും 3440.13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) സാധാരണ മണ്ണ് ഖനനം ചെയ്തു കടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 18/10/2024 തീയതിയിൽ സ്ഥല ഉടമയ്ക്ക് രജിസ്റ്റേർഡ് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. പ്രസ്തുത നോട്ടീസിന് ശ്രീ. എ.കെ മോഹനൻ നല്കിയ മറുപടിയിൽ സ്ഥലത്ത് നിന്നും അനുമതിയ്ക്ക് ഉപരിയായി മണ്ണ് നീക്കം ചെയ്തിട്ടില്ലായെന്നും ആയത് പഞ്ചായത്തിൽ നിന്നും നേരിട്ട് കണ്ടു ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ടി സ്ഥലത്ത് കണ്ടം നിരപ്പാക്കിയതിന്റെയും ചുറ്റുമതിൽ നിർമ്മിച്ചതിന്റെ ഭാഗമായുമാണ് സ്ഥലത്തെ കല്ലും, മണ്ണും ഉപയോഗിച്ചിട്ടുള്ളതെന്നു മറുപടി നല്കുകയും ചെയ്തിരുന്നു. ടി മറുപടിയുടെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷക്ക് 27/11/2024 തീയതിയിൽ മുൻകൂർ നോട്ടീസ് നല്കി 05/12/2024 തീയതിയിൽ ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. തുടർന്ന് നടത്തിയ നേർക്കാഴ്ചയിൽ ടി സ്ഥലം വീണ്ടും അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ അളന്നു തിട്ടപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നോട്ടീസ് നല്കിയ ശേഷം 19/2/2025 തീയതിയിൽ ശ്രീ.എ.കെ മോഹനന്റെ സാന്നിധ്യത്തിൽ ജില്ലാ ഓഫീസിൽ നിന്നും ടി സ്ഥലം വകുപ്പ് അംഗീകരിച്ച ആർ.ക്യൂ.പി മുഖേന ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി വീണ്ടും അളന്നു തിട്ടപ്പെടുത്തുകയും സ്ഥല പരിശോധന മഹസർ തയ്യാറാക്കുകയും ചെയ്തിരുന്നു. പരിശോധനയിൽ പരാമർശിത സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് മുമ്പുള്ള സ്പോട്ട് ലെവൽസ് അപ്പീൽ കക്ഷി തന്നെ നേരിട്ട് ആർ.ക്യൂ.പിയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ആയതു ബേസ് ആയി സ്വീകരിച്ച രണ്ടാമത് എടുത്ത അളവുകൾ പ്രകാരം തയ്യാറാക്കിയ സ്കെച്ചും ഫീൽഡ് ഫോട്ടോകളും അടങ്ങിയ റിപ്പോർട്ട് 21/4/2025 തീയതിയിൽ ജില്ലാ ഓഫീസിൽ ആർ.ക്യു.പി സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതു പരിശോധിച്ച് വിശകലനം ചെയ്തതിൽ കീഴാറൂർ വില്ലേജിൽ സർവ്വേ നമ്പർ 212/17 പ്പെട്ട സ്ഥലത്തു നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ആര്യങ്കാട് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും കരസ്ഥമാക്കിയ ധാതു ഗതാഗത പെർമിറ്റിന്റെ മറവിൽ അനുമതി നല്കിയ ഏരിയയുടെ ഉള്ളിൽ നിന്നും അളവിൽ കൂടുതലായും

അനുമതി നല്കിയ ഏര്യായ്ക്ക് പുറത്ത് നിന്നുമായും 3440.13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) മണ്ണ് അനധികൃതമായി കടത്തിയതായും കൂടാതെ ടി സ്ഥലത്തു 1054.953 ക്യൂബിക് മീറ്റർ (2637.382 മെട്രിക് ടൺ) ഉരുളൻ പാറകൾ ഖനനം ചെയ്തു ശേഖരിച്ചിട്ടുള്ളതായും പുനപരിശോധനയിലും ബോധ്യപ്പെട്ടിരുന്നു.

തുടർന്ന് അനുമതിയുടെ മറവിൽ അനധികൃതമായി ധാതു ഖനനം ചെയ്ത് ഗതാഗതം ചെയ്തതിന് 7/07/2025 തീയതിയിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽ കക്ഷിയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. പ്രസ്തുത നോട്ടീസിന് ടിയാൻ സമർപ്പിച്ച മറുപടിയിൽ ടി വസ്തുവിൽ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി ടിയാൻ സർവ്വീസ് ചാർജ് ആയി 4000/- രൂപ നല്കിയതായും സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് മുമ്പുള്ള സ്പോർട്ട് ലെവൽസ് പറഞ്ഞിട്ടില്ലായെന്നും ആയതിനാൽ ആർ.ക്യൂ.പി റിപ്പോർട്ടിൽ നല്കിയ മണ്ണിന്റെ അളവ് പുനപരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി നല്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാവൂ എന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി വസ്തുവിൽ സർവ്വേ നടത്തുന്നതിന്റെ ഭാഗമായി ടിയാൻ സർവ്വീസ് ചാർജ് 4000/- രൂപ നല്കിയിട്ടുള്ളതായി ആർ.ക്യൂ.പി തിരുവനന്തപുരം ജില്ലാ ഓഫീസിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. സർവ്വെയുടെ ഭാഗമായുള്ള സ്കെച്ചിന്റെ പകർപ്പ് ആർ.ക്യൂ.പി യിൽ നിന്നും കൈപ്പറ്റേണ്ടത് സ്ഥല ഉടമയുടെ ചുമതലയാണ്. ആർ..ക്യൂ.പി നടത്തിയ രണ്ടു സർവ്വേയുടെയും സ്കെച്ചും അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ ഫോട്ടോകളും ശ്രീ. എ.കെ. മോഹനന് 07/07/2025 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസിനോടൊപ്പം അയച്ചു നല്കിയിരുന്നതുമാണ്. ആകയാലും അപ്പീൽ കക്ഷിയുടെ മറുപടി പരിഗണിച്ച് ടിയാനെ 2.08.2025 തീയതിയിൽ നേരിൽ കേൾക്കുന്നതിന് വീണ്ടും നോട്ടീസ് നൽകിയിരുന്നു. തുടർന്ന് നടത്തിയ നേർക്കാഴ്ചയിൽ അപ്പീൽ കക്ഷി നിലവിൽ അനധികൃത ഖനനത്തിൽ ഏർപ്പെട്ട സ്ഥലത്തിനോട് ചേർന്നുള്ള സ്ഥലത്ത് നിന്ന് 2019 വർഷത്തിൽ 2384.25 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തതിന് ജില്ലാ ഓഫീസിൽ നിന്നും 1,71,666/- രൂപ പെനാൽറ്റി ചുമത്തുകയും ആയതിനെതിരെ അപ്പീൽ കക്ഷി സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും സർക്കാർ ഉത്തരവ് പ്രകാരം 46148/- രൂപ പിഴ ഈടാക്കിയിട്ടുള്ളതായും മറുപടി നല്കിയിരുന്നു. . ടി മറുപടി നിലവിലെ ഖനനത്തിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 24.08.2025 തീയതിയിൽ അഡ്ജൂഡിക്കേഷൻ ഉത്തരവും തുടർന്ന് അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 3440.13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) മണ്ണിന് 13,76,052/- രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 100000/- രൂപയും ചേർത്ത് ആകെ 14,76,052/- രൂപ ഒടുക്കുന്നതിന് 19.09.2025 തീയതിയിൽ അപ്പീൽ കക്ഷിക്ക് ഡിമാന്റ് നോട്ടീസും നല്കിയിരുന്നു. ടി നോട്ടീസിനെതിരെയാണ് അപ്പീൽ കക്ഷി അപ്പീൽ ഹർജി നല്കിയിട്ടുള്ളത്. ആകയാൽ കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ളോക്ക് നം. 26 ൽ റീസർവ്വേ നം. 212/17 ൽ പ്പെട്ട വസ്തുവിൽ നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് പഞായത്തിൽ നിന്നും നല്കിയ അനുമതിയുടെ മറവിൽ അനുമതിയ്ക്ക് വിരുദ്ധമായി നീക്കിയ 3440.13 ക്യൂബിക് മീറ്റർ (6880.26 മെട്രിക് ടൺ) മണ്ണിന് (ടണ്ണിന് 40/- രൂപ നിരക്കിൽ 5 മടങ്ങ് ) 6880.26 x 40 x 5 = 13,76,052/- രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 1,00,000/- രൂപയും ചേർത്ത് 14,76,062/- രൂപ അപ്പീൽ കക്ഷിയിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവ് നല്കണമെന്ന് ജിയോളജിസ്റ്റ് ശുപാർശ ചെയ്തിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ അപ്പീൽ കക്ഷിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകേണ്ടതാണ്.

5. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്ന് ലഭിച്ച അനുമതിയുടെ അടിസ്ഥാനത്തിലാണ് കക്ഷി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് അപേക്ഷ നല്കിയത് എന്ന കാര്യവും കൂടാതെ ഇനിഷ്യൽ ലെവൽസ് എടുത്തത് സംബന്ധിച്ചും, ആർ.ക്യൂ.പി അളന്ന അനധികൃത ഖനനത്തിന്റെ അളവ് സംബന്ധിച്ചും കക്ഷിക്ക് അഭിപ്രായ വ്യത്യാസമുള്ളതും പരിഗണിച്ച് ജില്ലാ ജിയോളജിസ്റ്റ്, പഞ്ചായത്തിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥരോടൊപ്പം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവ് തിട്ടപ്പെടുത്തി അതനുസരിച്ച് മഹസ്സർ തയ്യാറാക്കി അതിൻപ്രകാരം അനുയോജ്യമായ നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് ശ്രീ.മോഹനൻ.എ.കെ, കമല വിലാസം, പിരിയാകോട്, ഊരൂട്ടമ്പലം പി.ഒ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.മോഹനൻ.എ.കെ, കമല വിലാസം, പിരിയാകോട്, ഊരൂട്ടമ്പലം പി.ഒ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 28-03-2026 12:17:56